ഉത്തരം

(എ-ഡി) അന്താരാഷ്ട്ര നിലവാരത്തിൽ കേരളത്തിൽ മുഴുവൻ നീളം തെക്കു വടക്കായി പോകുന്ന ഒരു എക്സ്പ്രസ് ഹൈവേ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്. നീളം, കയറ്റം, ഇറക്കം, വളവ് എന്നിവ ഏറ്റവും കുറഞ്ഞതും ഏറ്റവും കുറഞ്ഞ നീളത്തിൽ പാലങ്ങൾ ആവശ്യമായതും കഴിയുന്നത്ര ജനവാസം കുറഞ്ഞ സ്ഥലങ്ങളിലൂടെ പോകുന്നതും ഏറ്റവും കുറഞ്ഞ ചെലവിൽ നിർമ്മാണം സാധിക്കുന്നതും പരിസ്ഥിതിപരമായി ഏറ്റവും അനുയോജ്യവുമായ ഒരു അലൈൻമെന്റാണ് ഉദ്ദേശിക്കുന്നത്. നിർദ്ദിഷ്ട എക്സ്പ്രസ് ഹൈവേ നിർമ്മാണം സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടില്ല.

ദേശീയപാതകളുടെ ടാറിംഗ്

33 (630) ശ്രീ. ജോണി നെല്ലൂർ :
ശ്രീ. കെ. കെ. ഷാജു :
ശ്രീ. ഉമേഷ് ചള്ളിയിൽ :
ശ്രീ. എ. എൻ. രാജൻ ബാബു :
ശ്രീ. ഷിബു ബേബിജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാനത്തെ ദേശീയപാതകൾ പൂർണ്ണമായും ബിറ്റുമിനസ് മെക്കാഡം ടാറിംഗ് നടത്താൻ പദ്ധതിയുണ്ടോ ;

(ബി) സംസ്ഥാനത്ത് എത്ര കി.മീറ്റർ ദേശീയ പാതയിൽ ഇത്തരം ടാറിംഗ് നടത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ സംസ്ഥാനത്തെ മുഴുവൻ ദേശീയപാതകളും ബി. എം. & എ. സി. പണി നടത്തണമെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(ബി) 300 കി. മീ.

ലോകബാങ്ക് സഹായത്തോടെ നടത്തുന്ന റോഡ് വികസനം

34 (631) ശ്രീ. ഡി. സുഗതൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകബാങ്ക് സഹായത്തോടെ നടത്തുന്ന റോഡ് വികസനത്തിന് കൺസൾട്ടന്റിനെ നിയമിക്കേണ്ടതുണ്ടോ എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ലോകബാങ്ക് സഹായം ലഭിക്കുന്നതിന് മറ്റെന്തെല്ലാം വ്യവസ്ഥകളാണ് അവർ മുന്നോട്ട് വച്ചത് ;

(സി) പ്രസ്തുത വ്യവസ്ഥകൾ അംഗീകരിച്ചത് ഏത് ഗവൺമെന്റിന്റെ കാലത്താണ് ?

ഉത്തരം

(എ) ഉണ്ട്.

(ബി) പുനഃരധിവാസ പരിസ്ഥിതി സംരക്ഷണം, റോഡു സുരക്ഷ മുതലായ പദ്ധതി അനുബന്ധ വ്യവസ്ഥകളായി ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) മുൻ സർക്കാരിന്റെ കാലത്താണ്.

ലോകബാങ്ക് വായ്പ സ്വീകരിച്ച് നടപ്പിലാക്കുന്ന റോഡു നിർമ്മാണ പ്രവർത്തനങ്ങൾ

35 (632) ശ്രീ. പി. സി. ജോർജ് :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. പി. ജയരാജൻ :
ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകബാങ്ക് വായ്പ സ്വീകരിച്ച് സംസ്ഥാനത്ത് നടപ്പിലാക്കുന്ന റോഡു നിർമ്മാണ പ്രവർത്തനങ്ങളെ പി. ഡബ്ല്യൂ. ഡി. മാനുവൽ, ഫിനാൻഷ്യൽകോഡ്, ഡിപ്പാർട്ടുമെന്റൽകോഡ് എന്നിവയിലെ ചട്ടങ്ങളുടെ പരിധിയിൽ നിന്ന് ഒഴിവാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കാമോ ;

(സി) ഈ റോഡ് നിർമ്മാണത്തിന് കിലോമീറ്ററിന് എന്തു തുകയാണ് നിർമ്മാണച്ചെലവായി കണക്കാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) സംസ്ഥാനത്ത് ഹൈവേകളിൽ ഒരു കിലോമീറ്റർ റോഡു വികസിപ്പിക്കുന്നതിന് എന്തു തുകയാണ് ഇപ്പോൾ ചെലവാക്കിക്കൊണ്ടിരിക്കുന്നത് ;

(ഇ) ഈ പദ്ധതിയുടെ കൺസൾട്ടൻസി ആർക്കാണ് നൽകിയിട്ടുള്ളത് ; കൺസൾട്ടൻസി ഫീസ് എത്ര ;

(എഫ്) ഈ പദ്ധതിയുടെ ചെലവ് അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിംഗിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) പി. ഡബ്ല്യൂ. ഡി. മാനുവൽ, കേരള ഫിനാൻഷ്യൽ കോഡ്, ഡിപ്പാർട്ടുമെന്റൽ കോഡ് എന്നിവ ലോകബാങ്ക് പദ്ധതി നിർവ്വഹണ രീതികളിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly